**സ്വാമി ശരണം**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1, 0471-2337790

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തിരുവല്ല ഗ്രൂപ്പിലെ അനിരുദ്ധേശ്വരം ദേവസ്വം വക ഷോപ്പിംഗ് കോംപ്ലക്സിലെ 2,7,8 കടമുറികൾ **31/07/2017** രാവിലെ **11** മണിക്ക് തിരുവല്ല അസിസ്റ്റന്റ് കമ്മീഷണറാഫീസിൽവച്ച് പരസ്യമായി ലേലം ചെയ്തു വാടകക്ക് നല്കുന്നതാണ്. 2-ാം നമ്പർ കടമുറിക്ക് പ്രതിമാസവാടക തുക 2,000/- രൂപയും, സെക്യൂരിറ്റി 30,000/- രൂപയും 7-ാം നമ്പർ കടമുറിക്ക് പ്രതിമാസവാടക 1,500/- രൂപയും സെക്യൂരിറ്റി 25,000/ രൂപയും 8-ാം നമ്പർ കടമുറിക്ക് പ്രതിമാസവാടക 5,000/- രൂപയും സെക്യൂരിറ്റി 50,000/ രൂപയും നിശ്ചയിച്ച് ലേലം വിളി ആരംഭിക്കുന്നതും ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10,000/-രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോട്കൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന /ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി സെക്യൂരിറ്റി തുക (30,000/-, 25,000/-,50,000/- രൂപയും) ഉടനടി കെട്ടിവയ്ക്കേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. മാസവാടകക്ക് പുറമെ കറന്റ് ചാർജ്, വാട്ടർ ചാർജ്, ബിൽഡിംഗ് ടാക്സ് ലേലക്കാരൻ വഹിക്കേണ്ടതാണ്. ലേലം അംഗീകരിച്ചുവരുന്നമുറയ്ക്ക് നിയമാനുസൃതമായ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, തിരുവല്ല അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, അനിരുദ്ധേശ്വരം ദേവസ്വം ആഫീസുമായോ പ്രവർത്തനസമയങ്ങളിൽ അറിയാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

Sd/-

**സി.റ്റി.പത്മകുമാർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1
0471-2337790

തിരുവനന്തപുരം
18/07/2017